# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2458 17.08.2017 -ലെ മറുപടി

## ആലപ്പാട്ട് ഗ്രാമപഞ്ചായത്തിൽ പുലിമുട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി

### ചോദ്യം

ശ്രീ.ആർ.രാമചന്ദ്രൻ

(എ) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം ഭാഗങ്ങളിലാണ് പുലിമുട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കടൽ ക്ഷോഭത്താൽ കേടുപാടുകൾ സംഭവിച്ച പ്രസ്തുത ഭാഗങ്ങളിലെ കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മാണത്തിനുള്ള പഠനം നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ; ഏത് സ്ഥാപനമാണ് പഠനം നടത്തുന്നതെന്ന് അറിയിക്കുമോ?

### മറുപടി

മാത്യു.ടി തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും

കേരളതീരപ്രദേശങ്ങളിലെ കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ CWPRS മുഖേന പഠനം നടത്തി ഡിസൈൻ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ ആലപ്പാട് ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(1) പണ്ടാരത്തുരുത്ത് ഭാഗത്ത് ചെയിനേജ് 34.900 കി.മീ.നും 35.500 കി.മീ.നും ഇടയിൽ പുലിമുട്ട് നിർമ്മാണം.

(2) പണിക്കരു കടവ് ഭാഗത്ത് ചെയിനേജ് 35.900 കി.മീ.നും 36.500 കി.മീ.നും ഇടയിൽ പുലിമുട്ട് നിർമ്മാണം.

(3) ചെറിയഴീക്കൽ ക്ഷേത്രത്തിനുസമീപം ചെയിനേജ് 36.900 കി.മീ.നും 37.800 കി.മീ.നും ഇടയിൽ പുലിമുട്ട് നിർമ്മാണം.

(4) ചെറിയഴീക്കൽ സി.എഫ്.എ.ഗ്രൗണ്ടിനു സമീപം ചെയിനേജ് 38.200 കി.മീ.നും 38.800 കി.മീ.നും ഇടയിൽ പുലിമുട്ട് നിർമ്മാണം.

(5) കുഴിത്തുറ ഭാഗത്ത് ചെയിനേജ് 40.700 കി.മീ.നും 41.300 കി.മീ.നും ഇടയിൽ പുലിമുട്ട് നിർമ്മാണം.

(6) ശ്രായിക്കാട് ഭാഗത്ത് ചെയിനേജ് 42.850 കി.മീ.നും 43.750 കി.മീ.നും ഇടയിൽ പുലിമുട്ട് നിർമ്മാണം.

കടൽ ക്ഷോഭത്താൽ കേടുപാടുകൾ സംഭവിച്ച ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീക്കൽ ഭാഗത്ത് ചെയിനേജ് 37.765 കി.മീ.മുതൽ 37.805 കി.മീ.വരെ 40 മീറ്റർ നീളത്തിൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം എന്ന പ്രവൃത്തി നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ